**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2304

18.12.2012-ലെ മറുപടിയ്ക്ക്

## നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, എ.റ്റി.ജോർജ്ജ്<br>,, ആർ.സെൽവരാജ്<br>,, പാലോട് രവി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2.7.2012 ലെ ജി.ഒ(പി) 81/2012/സഹ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കേരള സഹകരണ നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ ബോർഡിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നിക്ഷേപ സുരക്ഷാ സ്കീമിന്റെ പരിധിയിൽ വരുന്ന വായ്പക്കാരുടെ നിക്ഷേപങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്തുകയും അതു മുഖേന നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുക എന്നതും, സഹകരണ സ്ഥാപനങ്ങളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക എന്നതുമാണ് ബോർഡിന്റെ പ്രവർത്തന ഉദ്ദേശ്യം. നിക്ഷേപ സുരക്ഷാ ബോർഡിന്റെ പ്രവർത്തനം ചുവടെ ചേർക്കുന്നു.<br>1. നിക്ഷേപ സുരക്ഷാ ഗ്യാരന്റി സ്കീമിന്റെ പരിധിയിൽ വരുന്ന സഹകരണ |

സ്ഥാപനങ്ങളിൽ നിന്നും പ്രീമിയം സ്വീകരിക്കുക.

2. ഇപ്രകാരം സ്വീകരിക്കുന്ന പ്രീമിയവും, സർക്കാർ നൽകുന്ന വിഹിതവും ചേർന്നുള്ള കോർപസ് ഫണ്ട് (നിക്ഷേപ സുരക്ഷാ ഫണ്ട്) ഫലപ്രദമായി നിക്ഷേപിക്കുക.
3. സ്കീമിന്റെ നടത്തിപ്പിനായി സബ്സിഡിയറി ചട്ടങ്ങൾ രൂപീകരിക്കുക.
4. അംഗങ്ങളായ സഹകരണ സംഘങ്ങളിൽ നിന്നും റിട്ടേണുകളും സ്റ്റേറ്റ്മെന്റുകളും വാങ്ങുക.
5. ഏതെങ്കിലും കാരണവശാൽ അംഗമായ സഹകരണ സംഘത്തിന് നിക്ഷേപ തുക തിരികെ നൽകാൻ കഴിയാതെ വന്നാൽ നിക്ഷേപകന് ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക തിരികെ നൽകുക.

(സി) നിക്ഷേപങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്?

(സി) നിക്ഷേപ സുരക്ഷാ സ്കീമിൽ അംഗമായ വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതിയാണ് ബോർഡ് നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ